# ‘നീ പൂർണ്ണനാകാൻ ആഗ്രഹിക്കുന്നെങ്കിൽ’

## (മത്താ 19,21)

# വിചിന്തനം

## ഡിസംബർ 2024

അടുത്തിടെ ഒരു വിവാഹച്ചടങ്ങിൽവച്ച് ഞാൻ ഒരു യുവതിയെ കണ്ടുമുട്ടി. അതീവ ഹൃദ്യമായി പെരുമാറുന്ന അവൾ പേരുകേട്ട ഒരു സ്ഥാപനത്തിൽ സാമൂഹിക പ്രവർത്തകയായി ജോലി ചെയ്യുകയാണ്. കോളജ് പഠനകാലത്തും ജോലിയുടെ ആദ്യവർഷങ്ങളിലും അവൾ ജീസസ് യൂത്തിന്റെ ഭാഗമായിരുന്നു. ഫോർമേഷന്റെ ആദ്യ സെഷനുകളിലും പങ്കെടുത്തിട്ടുണ്ട്. എന്നിട്ടും എന്തുകൊണ്ടാണ് ഇപ്പോൾ ജീസസ് യൂത്ത് ഫോർമേഷൻ യാത്രയിൽനിന്നു മാറിനില്ക്കുന്നതെന്ന് അല്പം കൗതുകത്തോടെ ഞാൻ ചോദിച്ചു. ‘‘അത് എന്നിൽനിന്ന് വളരെയധികം സമയവും പ്രതിബദ്ധതയും ആവശ്യപ്പെടുന്നു. അതുകൊണ്ട് ഞാൻ ഒരു ഇടവേളയെടുത്തു’’ എന്നായിരുന്നു അവളുടെ ഉത്തരം.

വി. മത്തായിയുടെ സുവിശേഷത്തിൽ (19,16) കാണുന്ന യുവാവ് നിത്യജീവൻ സ്വന്തമാക്കാനുള്ള തീവ്രമായ ആഗ്രഹത്തോടെയാണ് ക്രിസ്തുവിനെ സമീപിക്കുന്നത്. എന്നാൽ അവന് സങ്കടത്തോടെ തിരിച്ചു പോകേണ്ടിവന്നു (19,22). കാരണം, യേശു അവനോട് ആവശ്യപ്പെട്ടത് വളരെയധികമാണെന്ന് അവൻ കരുതി. നേരത്തെ പറഞ്ഞ യുവതിയുടെയും മറ്റനേകം ജീസസ് യൂത്തിന്റെയും മാത്രമല്ല, ക്രൈസ്തവരിൽ പലരുടെയും യഥാർഥ അവസ്ഥ ഇതാണ്.

ജീസസ് യൂത്ത് ഫോർമേഷന്റെ ലക്ഷ്യം പൂർണത കൈവരിക്കലാണ്. ‘‘നിങ്ങളുടെ സ്വർഗസ്ഥനായ പിതാവ് പരിപൂർണനായിരിക്കുന്നപോലെ നിങ്ങളും പരിപൂർണരായിരിക്കുവിൻ’’ (മത്താ. 5, 48). പരിപൂർണം എന്നാൽ കുറ്റമറ്റതായിരിക്കുക എന്നല്ല, മറിച്ച് ക്രിസ്തു കാണിച്ചുതരുന്ന സ്നേഹവും അനുകമ്പയും നീതിയും ജീവിതത്തിൽ പ്രാവർത്തികമാക്കാൻ ആത്മാർഥമായി പരിശ്രമിക്കുക എന്നതാണ്. പരിപൂർണതയിലേക്കുള്ള ഈ വിളി ആത്മീയ വളർച്ചയുടെ ഒരു തുടർപ്രക്രിയയാണ്. ദൈവകൃപയോടുള്ള സഹകരണത്തിലൂടെ മാത്രമേ നമുക്ക് അതു സ്വായത്തമാക്കാനാകൂ.

‘‘ജീവനിലേക്കു പ്രവേശിക്കാൻ നിനക്ക് ആഗ്രഹമുണ്ടെങ്കിൽ...’’ എന്ന് യേശു പറയുമ്പോൾ നിത്യജീവൻ തിരഞ്ഞെടുക്കാനുള്ള അവസരം അവിടന്നു ആ യുവാവിനെന്നപോലെ നമ്മുടെ മുന്നിലേക്കും നീട്ടുകയാണ്. ജീസസ് യൂത്തെന്ന നിലയിൽ ധാർമിക, ബൗദ്ധിക, ആത്മീയ, സുവിശേഷവല്ക്കരണ മേഖലകളിൽ നാം വളർന്നിട്ടുണ്ടാകാം. എന്നാൽ കൂടുതൽ ആഴത്തിലേക്ക് പോകാനാണ് യേശു നമ്മെ വിളിക്കുന്നത്. വി. മർക്കോസിന്റെ സുവിശേഷത്തിൽ (10,21) യേശു സ്നേഹപൂർവം ആ യുവാവിനെ നോക്കിക്കൊണ്ടു പറയുന്നത് ‘‘നിനക്ക് ഒരു കുറവുണ്ട്’’ എന്നാണ്. നമ്മിലെ കുറവായ ആ ‘ഒരു കാര്യ’ത്തെ ഗൗരവത്തോടെ നേരിടാനാണ് യേശു നമ്മോടു പറയുന്നത്. ആ യുവാവിനോട് ഭൗതിക സ്വത്തെല്ലാം ഉപേക്ഷിച്ചിട്ട് പകരം സ്വർഗീയ സമ്പത്ത് സ്വന്തമാക്കാനാണ് യേശു ആഹ്വാനം ചെയ്തത്. എന്നാൽ അത് അവനു സ്വീകാര്യമായില്ല. അവൻ ഒത്തിരി സങ്കടത്തോടെ മടങ്ങുന്നു.

യേശുവിന്റെ വിളിയോടു പ്രത്യുത്തരിക്കാനാണ് നമ്മുടെ തീരുമാനമെങ്കിൽ ആദ്യപടി ഒരു ‘ശുദ്ധീകരണപാതയിലൂടെ’ കടന്നുപോകുകയാണ്. ഈ പാതയിലൂടെ അതീവ ശ്രദ്ധയോടെ ചരിക്കുമ്പോൾ നമ്മെത്തന്നെ പാപപങ്കിലമായ താല്പര്യങ്ങളിൽനിന്നും വേർപെടുത്താനും, എല്ലാ ജീവിത സാഹചര്യങ്ങളിലും പ്രാർഥനയും കൂദാശകളും വഴി ദൈവത്തോടു കൂടുതൽ അടുക്കാനുമാണ് നാം ശ്രമിക്കുന്നത്. ഈ ശുദ്ധീകരണം നമ്മെ ദൈവസ്നേഹത്തോട് തുറവിയുള്ളവരാക്കുകയും എല്ലാറ്റിനുമുപരിയായി ദൈവത്തെ സ്നേഹിക്കാൻ പ്രാപ്തരാക്കുകയും ചെയ്യുന്നു.

ഒരുപക്ഷേ, ജീസസ് യൂത്ത് ഫോർമേഷനിലെ പല മൊഡ്യൂളുകളും നാം ഇതിനകം താല്പര്യത്തോടെ പൂർത്തിയാക്കിയിട്ടുണ്ടാകാം. ഇതുവഴി ഒരു ശുദ്ധീകരണ ഘട്ടത്തിലൂടെ നാം യാത്ര ചെയ്യുകയാണ്. ഈ യാത്രയിൽ ദൈവസ്നേഹത്തിലേക്ക് നമ്മുടെ ഹൃദയം പൂർണമായി തുറക്കുകയാണ്. ദൈവത്തോടുള്ള നമ്മുടെ സ്നേഹത്തിന്റെ തീവ്രത കുറയ്ക്കുന്ന എല്ലാറ്റിലുംനിന്നും ഈ ഘട്ടം നമ്മെ ശുദ്ധീകരിക്കുന്നു. ഇക്കൊല്ലത്തെ ഫോർമേഷൻ ദിനം നാം ആഘോഷിക്കുമ്പോൾ, ദൈവത്തോടു കൂടുതൽ അടുക്കാനും അവിടത്തെ കൂടുതൽ സ്നേഹിക്കാനും വേണ്ടി, നാം ബോധപൂർവം ഉപേക്ഷിക്കണമെന്ന് കർത്താവ് ആവശ്യപ്പെടുന്ന ആ 'ഒരു കാര്യം' എന്തായിരിക്കുമെന്ന് ചിന്തിക്കാം.

അടുത്തിടെ, എന്റെ ആത്മീയ ഗുരുവുമായുള്ള സംഭാഷണത്തിൽ എനിക്കു മനസ്സിലായ ഒരു കാര്യമുണ്ട്. അംഗീകാരത്തിനും പ്രോൽസാഹനത്തിനുംവേണ്ടി എന്റെ അബോധമനസിലുണ്ടായിരുന്ന ആഗ്രഹം കർത്താവിനോട് അടുക്കുന്നതിൽനിന്ന് എന്നെ തടയുന്നു. ഇക്കാര്യം തിരിച്ചറിഞ്ഞപ്പോൾ, എന്റെ ഗുരുവിന്റെ സഹായത്താൽ ഞാൻ അനുതാപത്തിലേക്കു നയിക്കപ്പെടുകയും എന്റെ ഉള്ളിലുള്ള ഈ ആഗ്രഹത്തെ ഉപേക്ഷിക്കുകയും ചെയ്തു. പറഞ്ഞറിയിക്കാനാകാത്ത സ്വാതന്ത്ര്യമായിരുന്നു ഫലം. അതിനുശേഷം എല്ലാദിവസവും ഒരുമണിക്കൂർ അവിടുത്തെ സന്നിധിയിലിരിക്കാൻ എനിക്കു സാധിക്കുന്നുണ്ട്. വർഷങ്ങളായി ആഗ്രഹിച്ച ഒരു കാര്യമാണ് ഇപ്പോൾ മനോഹരമായി എല്ലാദിവസവും സംഭവിക്കുന്നത്.

ദൈവത്തെ പൂർണഹൃദയത്തോടെ സ്നേഹിക്കുന്നതിൽനിന്നു നമ്മെ തടയുന്ന കാര്യമെന്താണ്? ഓർക്കുക, ദൈവവുമായുള്ള നമ്മുടെ ബന്ധത്തെ തടസ്സപ്പെടുത്തുന്ന എല്ലാത്തരം 'സ്നേഹങ്ങളിൽ' നിന്നും നമ്മുടെ ഹൃദയത്തെ ശുദ്ധീകരിക്കേണ്ടതുണ്ട്. ചിലപ്പോൾ അത് മറ്റുള്ളവരുടെ അംഗീകാരത്തിനായുള്ള ആഗ്രഹമായിരിക്കാം. അല്ലെങ്കിൽ ഏതെങ്കിലും വ്യക്തികളോടോ വസ്തുക്കളോടോ സാഹചര്യങ്ങളോടോ ചിന്താഗതികളോടോ ഉള്ള അതിയായ താല്പര്യമായിരിക്കാം. അതുമല്ലെങ്കിൽ നമ്മെപ്പറ്റിയോ മറ്റുള്ളവരെപ്പറ്റിയോ നമുക്കുള്ള കാഴ്ചപ്പാടുകളായിരിക്കാം.

നമ്മിൽ നാം തിരിച്ചറിയുന്നതും അറിയാത്തതുമായ വളർച്ചയുടെ മേഖലകളെ കൃതജ്ഞതാപൂർവം ഓർക്കുവാൻ കൂടി ഈ ഫോർമേഷൻ ദിനം നമ്മെ സഹായിക്കട്ടെയെന്ന് ഞാൻ പ്രാർഥിക്കുകയും ആഗ്രഹിക്കുകയും ചെയ്യുന്നു. കർത്താവ് നമ്മോട് ഉപേക്ഷിക്കാൻ ആവശ്യപ്പെടുന്ന ആ 'ഒരു കാര്യ'ത്തെക്കുറിച്ച് ഈ നാളുകൾ നമ്മെ ബോധ്യപ്പെടുത്തട്ടെ. അപ്പസ്തോലൻമാരുടെ രാജ്ഞിയായ മറിയം ദൈവകൃപയുമായി സഹകരിക്കാൻ അനുദിനം നമ്മെ സഹായിക്കട്ടെ. അങ്ങനെ നമുക്ക് പരിപൂർണതയിലേക്കു യാത്ര ചെയ്യാം. എല്ലാവർക്കും സന്തോഷകരവും അനുഗ്രഹപൂർണവുമായ ഒരു ഫോർമേഷൻ ദിനം ആശംസിക്കുന്നു.

ഫാ. ബിറ്റാജു പുത്തൻപുരക്കൽ O.SS.T

---

*ജീസസ് യൂത്ത് അന്തർദ്ദേശീയ ഫോർമേഷൻ ടീമിന്റെ ചാപ്ലെയിൻ, ട്രിനിറ്റേറിയൻ സഭാംഗം.*